# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2077 07.03.2017-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി കോഴിക്കോട് ജില്ലയിൽ

**ചോദ്യം** **മറുപടി**

ശ്രീ.പുരുഷൻ കടലുണ്ടി

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഇ-ഹെൽത്ത് (ജീവൻ രേഖ) പദ്ധതി കോഴിക്കോട് ജില്ലയിൽ ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | രണ്ട് ഘട്ടമായി നടപ്പിലാക്കുന്ന ഇ ഹെൽത്ത് പദ്ധതിയിൽ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ല ഉൾപ്പെടുന്നില്ല. അതിനാൽ ഈ വർഷം കോഴിക്കോട് ജില്ലയിൽ പദ്ധതി ആരംഭിക്കാൻ കഴിയില്ല. |
| ബി) | പദ്ധതി നടപ്പിലാക്കാൻ ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ആലോചിച്ചിട്ടുണ്ടോ; | ബി) | പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ആലോചിച്ചിട്ടില്ല. എന്നാൽ പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ മേഖലയിൽ അതാതു ഘട്ടങ്ങളിൽ ആളുകളെ താൽക്കാലികമായി നിയോഗിക്കേണ്ടതായി വരും. |
| സി) | ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നതെന്താണെന്ന് അറിയിക്കാമോ; | സി) | പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:<br>(1) വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br>(2) കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.<br>(3) കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏര്യ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>(4) കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| ഡി) | സർക്കാർ ശേഖരിക്കുന്ന രോഗ വിവരങ്ങൾ, രോഗി സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ ഓൺലൈനിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ? | ഡി) | സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗി ആഗ്രഹിക്കുന്ന പക്ഷം One Time Password ന്റെ അടിസ്ഥാനത്തിൽ സർക്കാർ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യം പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭ്യമാകുന്നതാണ് |

**സെക്ഷൻ ഓഫീസർ**